# അമേരിക്കൻ കഥകൾ

## മിനികഥകൾ മുപ്പത്തി രണ്ട്

ജോയിക്കുട്ടി, ഡിട്രോയിറ്റ്

അന്നച്ചിക്ക്, ആമ്മി നേഴ്സിനെ പണ്ടു കാലം മുതലേ കണ്ടു കൂടാ. ഉത്തരേന്ത്യയിൽ വെച്ചാണ് ഇവരെ കണ്ടിട്ടുള്ളത്. അവരെ കാണുമ്പോഴേ അന്നച്ചിക്ക് മേലു തൊട്ട് കീഴെ വെരെ ഒരു ചൊറിച്ചലാണ്. ദീഘ് കാലം കൂടിയാണ് അവർ ഇപ്പോൾ കഥ പറയാൻ പൊകുന്നത്. ഒരു ഇടച്ചിലിനു അവസരം കൊടുക്കാതെ അവർ പറയുന്നത് ക്ഷമയോടെ കേട്ടു കൊണ്ടിരിക്കുകയാണ്.

ഉത്തരേന്ത്യയിൽ, ഒരിക്കൽ പള്ളിയിൽ വെച്ചാണ് ആദ്യമായി ഒരു മിലട്ടറിയെ കണ്ടത്. ഇവർ പേരു പറയുമ്പോൾ ആമ്മിയിലെ റാങ്കു കൂടി ചേർത്തേ പേരു പറയത്തുള്ളു. വെറും സാധാരണ സ്റ്റാഫ് നേഴ്സിനെ ആമ്മിയിൽ റിക്രൂട്ടു ചെയ്ത് ട്രയിനിംഗ് കഴിഞ്ഞ് പുറത്തിറക്കുമ്പോൾ തോളേൽ മൂന്നു നക്ഷത്രം കൂടെ വെച്ചു കൊടുത്ത് വിടും. സാധാരണ ഏതൊരു പട്ടാളക്കാരൻ കണ്ടാലും ബഹുമാനിക്കണം എന്നതാണ് ഉദ്ദേശം. എന്നാൽ എയർഫോഴ്സിൽ ഉള്ള ചില കഴിവുള്ളവരും, മിടുക്കന്മാരും ഇവരെ പലരേയും വിവാഹം കഴിച്ച് കിടക്കയിൽ എത്തിച്ച് കീഴടക്കി കളയും. സാധാരണ ഉള്ളതിൽ സ്വല്പം കൂടെ കാണാൻ കൊള്ളുന്നതും കഴിവുള്ളതുമായ പെൺപിള്ളേരെയാണ് ഇങ്ങിനെ ആമ്മിയിൽ എടുക്കുന്നത്.

പള്ളിയിൽ വെച്ച് പരിചയമില്ലാത്ത പെണ്ണിനെ കണ്ടപ്പോൾ ''കൊച്ചേതാ'' എന്ന് അന്നാച്ചി ചോദിച്ചു. ''ക്യാപ്ടൻ കുഞ്ഞാമ്മ'' എന്നു പറഞ്ഞപ്പോഴേ അന്നാച്ചിക്ക് ചൊറിച്ചിൽ വന്നു. കയ്യോടെ കൂട്ടി വീട്ടിൽ കൊണ്ടു വന്നു. കൂട്ടത്തിൽ ചിന്നച്ചിയേയും കൂട്ടി. മീൻ വറത്തതും, കറി വെച്ചതും, അങ്ങിനെ മീനിന്റെ തന്നെ വകുപ്പിൽ പലയിനം. പിന്നെ ബീഫ്, കോഴി, കൂടാതെ പച്ചക്കറി പല്ലാം കൂടെ വിഭവസമൃദ്ധമായ ഭക്ഷണം. അത് എപ്പോഴും അന്നാച്ചിയുടെ വീട്ടിലുള്ളതാണ്. കൂട്ടത്തിൽ സ്വല്പം മദ്യവും. അങ്ങിനെ ആലാസ്യത്തിൽ അവൾ കിടന്നപ്പോൾ അന്നച്ചിയും ചിന്നച്ചിയും കൂടെ കേറി തുണി മുഴുവൻ പറിച്ചിട്ടൊരു പ്രയേഗം. അതു കഴിഞ്ഞപ്പോൾ ജോസഫ് അച്ചായനേം കേറ്റി ഒരു പ്രയോഗം. ആമ്മി നേഴ്സുമാരിൽ മിക്കവരേയും എയൻഫോഴ്സ് ഓഫീസേഴ്സ് കേറി ഒന്നു വിഹരിക്കുമെങ്കിലും നമ്മുടെ കുഞ്ഞാമ്മയുടെ പതക്കേടു വന്നു. അതോടെ അന്നച്ചിയുടെ അന്നത്തെ കലിപ്പു തീന്നു.

കേരളത്തിലെ ആ കൊച്ചു ഗ്രാമത്തിലെ ചട്ടമ്പി ഏലിയാമ്മയുടെ മകളാണ് മോളമ്മ. അവൾ പഠിച്ച് നേഴ്സായി അമേരിക്കയിലായി. അവൾ അവിടെ ഒരു ആഫ്രിക്കനെ വിവാഹം കഴിച്ച് അവിടെ സ്ഥിര താമസമായി. എത്രയും പെട്ടന്നു തന്നെ അമ്മയെ അവിടെ എത്തിച്ചു. അമ്മ വന്ന് മകൻ മനുവിന് പേപ്പർ എല്ലാം ശരിയാക്കി. അവനെ ഇന്റർവ്യൂവിനു വിളിച്ച് അവർ ചോദ്യം ചെയ്തപ്പോൾ അമ്മയെന്ത്യേ എന്ന ചോദ്യത്തിന് ''അമ്മ വീട്ടിലുണ്ടെന്ന്'' മറുപടി പറഞ്ഞ് മടക്കി വീട്ടിൽ പറഞ്ഞു വിട്ടു. പിന്നീട് വീണ്ടും ഇന്റർവ്യൂവിനു വിളിച്ചപ്പോൾ അമ്മയെ മടക്കി അമേരിക്കയിൽ പറഞ്ഞു വിട്ടതുകൊണ്ട് അവനു വിസ കിട്ടി.

ക്യാപ്റ്റൻ മിനുവിന് ജോലിയിൽ ''മദർ സീരിയസ്'' എന്ന് ടെലഗ്രാം കിട്ടിയാണ് വീട്ടിൽ വന്നത്. വീട്ടിൽ വന്നപ്പോഴാണ് അമേരിക്കയിൽ പോകാൻ വിസാ കിട്ടി നിൽക്കുന്ന മനുവുമായുള്ള വിവാഹത്തിനായി വിളിച്ചു വരുത്തിയതാണെന്നു മനസ്സിലായത്. അവൻ ആള് സുന്ദരനാണ്. കൂടാതെ ഉടനെ തന്നെ അമേരിക്കയിൽ പോകാം. ആഴ്ചവട്ടത്തിന്റെ അവസാനം ഓഫീസേഴ്സ് മെസ്സിലെ ഡാൻസിനു പോകുമ്പോൾ തീച്ചയായും ഏതെങ്കിലും ഒരു എയർഫോഴ്സ് ഓഫീസർ കൂട്ടികൊണ്ടു പോയി മണ്ടേൽ കേറും. അത് മടുത്തിരിക്കുകയാണവൾ.

എയർഫോഴ്സ് എന്നു കേൾക്കുമ്പോൾ തെറ്റിദ്ധരിക്കാറുണ്ട്, അവരെല്ലാം വിമാനം പറപ്പിക്കുന്നവരെന്ന്. ഓഫീസേഴ്സ് അതർ റാങ്ക് ഇങ്ങിനെ രണ്ടു വിഭാഗം ഉണ്ട്. അതർ റാങ്കിൽ തന്നെ: എയർമെൻ, സീനിയർ നോൺകമ്മീഷൻസ് ഓഫീസേഴ്സ് ഇങ്ങിനെ രണ്ടു വിഭാഗങ്ങളും; ഓഫീസേഴ്സ് വിഭാഗത്തിൽ ഗ്രൗണ്ടഡ്, ഫ്ലയിംഗ് ഇങ്ങിനെ രണ്ടു വിഭാഗങ്ങൾ. നല്ല വിദ്യാഭ്യാസമുള്ളവർ എല്ലാം ഗ്രൗണ്ടിംഗ് വിഭാഗത്തിലും അല്ലാത്തവർ ഫ്ലയിംഗ് വിഭാഗത്തിലും പെടും. ഈ ഫ്ലയിംഗ് വിഭാഗത്തിൽ പെട്ടവക്ക് എന്തും ചെയ്യാൻ ഉള്ള സ്വാതന്ത്രം ഉണ്ട്. അവരുടെ ജീവിതം, മിക്കവരുടേയും ക്ഷണികമാണ്. ആഴ്ചവട്ടത്തിന്റെ അവസാനത്തിൽ മെസ്സിൽ (ഭക്ഷണശാലയിൽ) ഡാൻസിനു വരുന്ന മിക്കവാറും നേഴ്സ് പെണ്ണുങ്ങളെ, അവർ പൊക്കും, അവർ ഉപയോഗിക്കും; നിദ്ദാക്ഷണ്യം. പഞ്ചാബികൾ (സർദാർജികൾ), ഈ പെണ്ണുങ്ങൾക്കിഷ്ടമല്ലാത്ത വിധം തിരിച്ചും മറിച്ചും എല്ലാം ഉപയോഗിക്കും, പെട്ടുപോയാൽ രക്ഷപെടാൻ പ്രയാസമാണ്.

മനുവിന്റെ വിസായുടെ അവസാന ദിവസമാണ് വിവാഹം നടന്നത്. പിറ്റേ ദിവസം ആദ്യമായി അമേരിക്കയിലേക്കു പോകുന്നതിന്റെ തിരക്കും മറ്റുമായി ഒന്നിനും സമയം കിട്ടിയില്ല. അതും പെട്ടെന്നുള്ള വിവാഹം. എന്തായാലും അവൻ അമേരിക്കയിൽ ചെന്നെങ്കിലും, അല്പം കാലതാമസം കഴിഞ്ഞേ അവളെ അവിടെ എത്തിക്കാൻ പറ്റിയുള്ളു. അവൻ എങ്ങും ജോലിക്കു പ്രവേശിക്കാതെ, റിയൽഎസ്റ്റേറ്റ് കോഴ്സ് പഠിച്ച് ആ രംഗത്ത് നിൽക്കാൻ പരിശ്രമിച്ചു. അത് നമ്മുടെ തോമ്മായുടെ ചുറ്റളവിൽ അത്ര ശോഭിക്കത്തില്ലന്നു കണ്ട്, ട്രാവൽ ഏജൻസീസ് പണിയും, അങ്ങിനെ പലവിധ പണികളുമായി കഴിച്ചു അവസാനം മിനു എത്തി; അവന് ആശ്വാസമായി. അതിനിടയിൽ അവൻ എല്ലാവരോടും പറഞ്ഞു: ഞാൻ ക്യാപ്ടൻ മിനുവിനെയാണ് വിവാഹം ചെയ്തു. മിലട്ടറി നേഴ്സ്മാരെക്കുറിച്ച് അറിയാവുന്നവർ ഉള്ളാലെ ചിരിച്ചു.

അവൾ കഷ്ടപ്പെട്ട് പഠിച്ച് ആദ്യത്തെ തവണ തന്നെ ആർ എൻ പാസായി. ഉടനെ തന്നെ ജോലിയുമായി. എല്ലാ ദിവസവും ഓവർ ടൈമും, അല്ലാത്തപ്പോൾ രണ്ടും മൂന്നും ഷിഫ്റ്റും ജോലിയും ചെയ്തു. ധാരാളം പണം ഉണ്ടാക്കി. വിലകൂടിയ നല്ല വലിയ ഒരു ബംഗ്ലാവും രണ്ടു കാറുകളും; വീടു നിറച്ച് വില കൂടിയ ഫർണിച്ചറുകളും എല്ലാ വാങ്ങി. ഇതിനിടയിൽ രണ്ട് മക്കളുമായി. മൂത്തത് ആണും, രണ്ടാമത്തേത് പെണ്ണും. ആഡംബരമായ ജീവിതമായി. തിരക്കോടു തിരക്കായി. ഒരേ ഭവനത്തിലാണ് താമസമെങ്കിലും ഭാര്യയും ഭത്താവും തമ്മിൽ പരസ്പരം കണ്ടു മുട്ടുന്നത് വളരെ ദിവസങ്ങൾക്കു ശേഷമാണ് അവരുടെ പെട്ടന്നുള്ള ഉയർച്ചയിൽ മലയാളികൾ എല്ലാം വളരെ അസൂയാലുക്കലാണ്.

അവൾ കുനിഞ്ഞു നിന്ന് ജോലി ചെയ്ത് പിടലിക്കു വേദന ആയി. പിന്നീട് അത് വദ്ധിച്ചു. അവസാനം ജോലി ചെയ്യാൻ വയ്യാത്ത അവസ്ഥയിലായി. വീടിന്റെ, കാറിന്റെ പേയ്മന്റ് അങ്ങിനെ എല്ലാം കൂടെ വലിയ തുക മാസാമാസം ചെലവുണ്ട്. അവന്റെ വരുമാനം കൊണ്ട് ജീവിക്കാൻ വയ്യാത്ത അവസ്ഥയിലായി. അവസാനം വീട് വിൽക്കാൻ വെച്ചു. വളരെയധികം സാധനങ്ങൾ വിറ്റു, അതിനു സാധിക്കാതെ വന്നതെല്ലാം നാട്ടിലേക്ക് അയച്ചു. വാടകയ്ക്കു് ഒരു എപ്പാട്ടുമെന്റ് മകൾ പഠിക്കുന്ന കോളേജിനടുത്തായി എടുത്തു, തമാസം മാറി. മടങ്ങി നാട്ടിൽ പോയി ജീവിക്കാൻ ഉള്ള മാഗം ആലോചിക്കാൻ തുടങ്ങി. ദൈവാധീനം കൊണ്ട് കേരളത്തിൽ ഒരു നല്ല വീട് ഉണ്ടാക്കിയിട്ടുള്ളതുകൊണ്ട് അല്പം മനസമാധാനമായി.